ഉത്തരം

(എ) 25.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിന് ധനസഹായം

77 [1194] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 വാർഷിക പദ്ധതിയിൽപ്പെടുത്തി ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിൽ ധനസഹായം കിട്ടുന്നതിന് ശ്രീ. ഇ. എം. ജോസഫ്, ഇടമനക്കുന്നേൽ, കട്ടപ്പന അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷയിലും പ്രോജക്ട് റിപ്പോർട്ടിൻമേലും കാലതാമസം ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 22-1-2003-ൽ.

(ബി) ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മിക്സഡ് ഫാമിംഗിന്റെ പ്രോജക്ട് ധനസഹായത്തിനായി ശ്രീ. ഇ. എം. ജോസഫ്, കട്ടപ്പന 22-1-2003-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യസ്ഥാപനത്തിന്റെ കൺസെന്റ് ലെറ്റർ, പരിശോധനാ റിപ്പോർട്ട്, ശുപാർശ കത്ത്, നിർദ്ദിഷ്ട കോപ്പികൾ ഇവയൊന്നും ഇല്ലാത്തതിനാൽ പ്രോജക്ട് ഇടുക്കി പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് തിരിച്ച് നൽകി മേൽപ്പറഞ്ഞ രേഖകളോടുകൂടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഇത് സമർപ്പിക്കുന്നതിനുള്ള കാലതാമസം കാരണം സ്ക്രൂട്ടിണി കമ്മിറ്റിയിൽ സമർപ്പിക്കുവാൻ സാധിച്ചില്ല. 2004-05-ൽ ഉൾപ്പെടുത്തുവാനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഇടുക്കിയോട് ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഉണ്ട്.

ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ

78 [1196] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകർക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly